## വിശ്രമം നൽകുന്നവനായ ക്രിസ്തു

**I. "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും. ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു"**

- അധ്വാനിക്കുന്നവൻ എപ്പോഴും **കഠിനമായി ഭാരം ചുമക്കുന്നവനാണ്**
- കർത്താവ് ഇപ്രകാരമുള്ള ജനത്തെ **വിശ്രമത്തിനായി** തന്റെ അടുക്കലേക്ക് വരുവാൻ വിളിച്ചു
- വിശ്രമം എന്നത് അധ്വാനത്തിൽനിന്നും ഭാരത്തിൽനിന്നും സ്വതന്ത്രരാക്കപ്പെടുന്നതിനെ മാത്രമല്ല, **തികഞ്ഞ സമാധാനത്തെയും പൂർണ സംതൃപ്തിയെയും സൂചിപ്പിക്കുന്നു**
- കർത്താവിന്റെ നുകം എടുക്കുകയെന്നാൽ **പിതാവിന്റെ ഹിതം** എടുക്കുകയെന്നാണ്. ഇത്, പിതാവിന്റെ ഹിതത്താൽ നിർബന്ധിക്കപ്പെടുന്നതാണ്
- **പിതാവിന്റെ ഹിതത്തിനുവേണ്ടി മാത്രം കരുതി** കർത്താവ് ഇത്തരമൊരു ജീവിതം നയിച്ചു; അവൻ തന്നെത്തന്നെ പൂർണമായി പിതാവിന്റെ ഹിതത്തിന് കീഴ്പ്പെടുത്തി; അതിനാൽ, തന്നിൽനിന്ന് പഠിക്കുവാൻ അവൻ നമ്മോട് പറയുന്നു
    - വിശ്വാസികൾ അവന്റെ നുകം—ദൈവഹിതം—എടുത്തുകൊണ്ട് **കർത്താവിനെ അവരുടെ ആത്മാവിൽ പകർത്തുകയും** അവന്റെ മാതൃകയനുസരിച്ച് ദൈവത്തിന്റെ വ്യവസ്ഥയ്ക്കായി അധ്വാനിക്കുകയും ചെയ്യുന്നു
    - തന്റെ ജീവിതത്തിലുടനീളം പിതാവിന് കീഴ്പെട്ടവനും അനുസരണമുള്ളവനുമായ കർത്താവ്, തന്റെ കീഴ്പെടലിന്റെയും അനുസരണത്തിന്റെയും ജീവിതം നമുക്ക് നൽകിയിരിക്കുന്നു
    - തന്റെ സുപ്രസാദത്തിനുവേണ്ടി ഇച്ഛിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും നമ്മിൽ ദൈവം വ്യാപരിക്കുന്നു
    - സൗമ്യനായിരിക്കുക, അഥവാ ശാന്തനായിരിക്കുകയെന്നാൽ, **എതിർപ്പിനെ ചെറുക്കാതിരിക്കുക** എന്നാണ് അർഥം, താഴ്മയുള്ളവൻ ആയിരിക്കുകയെന്നാൽ, ആത്മാഭിമാനം ഇല്ലാതിരിക്കുക എന്നാണ്
- കർത്താവിന്റെ നുകം എടുക്കുകയും അവനിൽനിന്ന് പഠിക്കുകയും ചെയ്യുന്നതിനാൽ **നാം കണ്ടെത്തുന്ന വിശ്രമം നമ്മുടെ ദേഹികൾക്കുവേണ്ടിയുള്ളതാണ്**; അത് ആന്തരികമായ ഒരു വിശ്രമമാണ്; അത് കേവലം സ്വഭാവത്തിൽ ബാഹ്യമായ ഒന്നല്ല.
- നാം കർത്താവിന്റെ മാതൃകപ്രകാരം അവനിൽനിന്ന് പഠിക്കുന്നത് നമ്മുടെ സ്വാഭാവിക ജീവനാലല്ല, പുനരുത്ഥാനത്തിലുള്ള നമ്മുടെ ജീവനെന്ന നിലയിൽ അവനാലാണ്
- **കർത്താവിന്റെ നുകം**, പിതാവിന്റെ ഹിതമാണ്, അവന്റെ ഭാരം, പിതാവിന്റെ ഹിതം നടപ്പാക്കുന്നതായ വേലയുമാണ്; ഇത്തരം നുകം കയ്പുള്ളതല്ല, **എളുപ്പമുള്ളതാണ്**; ഇത്തരം ഭാരം ഘനമേറിയതല്ല, **ലഘുവായതാണ്**.

## ക്രിസ്തു തന്നയാണ് വിശ്രമം (ശബ്ബത്തിന്റെ യാഥാർഥ്യം)

**II. ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിയെക്കുറിച്ചുള്ള ഒരു നീണ്ട രേഖയ്ക്കുശേഷം, പുറപ്പാട് 31:12-17-ൽ, ശബ്ബത്ത് ആചരിക്കാനുള്ള കൽപ്പനയുടെ ഒരു ആവർത്തനമുണ്ട്; കൊലൊസ്സ്യർ 2:16-17 അനുസരിച്ച്, ക്രിസ്തു ശബ്ബത്തിൻ വിശ്രമത്തിന്റെ യാഥാർഥ്യമാണ്; അവൻ നമ്മുടെ പൂർത്തീകരണവും, വിശ്രമവും, ശാന്തതയും, പൂർണ സംതൃപ്തിയും ആണ്**

- കർത്താവിനുവേണ്ടി എങ്ങനെ വേല ചെയ്യണമെന്ന് മാത്രം നാം അറിയുകയും, എന്നാൽ അവനോടുകൂടെ **എങ്ങനെ വിശ്രമിക്കണമെന്ന്** നാം അറിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം ദിവ്യ തത്ത്വത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയാണ്
    - തന്റെ വേല പൂർത്തിയാക്കി തൃപ്തനായതിനാൽ ഏഴാം ദിവസം ദൈവം വിശ്രമിച്ചു
    - ദൈവത്തിന്റെ ഏഴാം ദിവസം മനുഷ്യന്റെ ഒന്നാം ദിവസമായിരുന്നു. ദൈവം മനുഷ്യന്റെ ആസ്വാദനത്തിനായി എല്ലാം ഒരുക്കിയിരുന്നു
- ശബ്ബത്ത് ദൈവത്തിന് ഒരു വിശ്രമം മാത്രമല്ല, അവന് ഒരു **നവോന്മേഷം** കൂടിയായിരുന്നു
    - ദൈവം മനുഷ്യനാൽ ഉന്മേഷവാനായി; മനുഷ്യൻ ദൈവത്തിന്റെ ഉന്മേഷമായിരുന്നു
    - ദൈവത്തിന്റെ ദാഹം ശമിപ്പിക്കുവാനും അവനെ തൃപ്തിപ്പെടുത്തുവാനും മനുഷ്യൻ ഒരു ഉന്മേഷദായക പാനീയം പോലെയായിരുന്നു;
- **നമുക്ക് ആസ്വാദനം ഉണ്ടായിരിക്കുന്നതു വരെ** ദൈവം നമ്മോട് വേല ചെയ്യുവാൻ ആവശ്യപ്പെടുന്നില്ല **എന്നത് ഒരു ദിവ്യ തത്ത്വമാണ്**; അവനോടുകൂടെയും അവനെയും പൂർണമായി ആസ്വദിച്ചശേഷം, നമുക്ക് അവനോടൊപ്പം ഒരുമിച്ച് വേല ചെയ്യുവാൻ കഴിയും
    - ദൈവം തന്റെ വേലയിൽ നിവർത്തിച്ചതിനെ മനുഷ്യൻ ആസ്വദിക്കുന്നു
    - ദൈവത്തോടുള്ള ബന്ധത്തിൽ അത് വേല ചെയ്യുകയും വിശ്രമിക്കുകയും ചെയ്യുന്നതിന്റെ കാര്യമാണ്; മനുഷ്യനോടുള്ള ബന്ധത്തിൽ അത് വിശ്രമത്തിന്റെയും വേലയുടെയും കാര്യമാണ്
- ദൈവത്തിന്റെ ദിവ്യവേല ചെയ്യുന്നതിൽ, നാം ദൈവജനമാണെന്നും, നമ്മുടെ ആസ്വാദനവും ശക്തിയും ഊർജ്ജവും സകലവുമായിരിക്കുവാൻ നമുക്ക് അവനെ ആവശ്യമാണെന്നും സൂചിപ്പിക്കുന്ന **ഒരു അടയാളം നാം വഹിക്കണം**. അതാണ് ശബ്ബത്ത്.
- ശബ്ബത്ത് ആചരണം **ഒരു നിത്യ കരാർ അഥവാ ഉടമ്പടി** കൂടിയാണ്. കർത്താവിനെ കുടിച്ചും ഭക്ഷിച്ചുംകൊണ്ട് അവനെ ആസ്വദിക്കാതെ, നമ്മാളാൽത്തന്നെ അവനുവേണ്ടി വേലചെയ്യുന്നത് ഗൗരവമേറിയ ഒരു കാര്യമാണ്
- ശബ്ബത്ത് **വിശുദ്ധീകരണത്തിന്റെ** വിഷയം കൂടിയാണ്
- ഒന്നാമതായി കർത്താവിനെ ആസ്വദിക്കാതെയും, കർത്താവിനോട് ഒന്നായി അവനെ സേവിക്കാതെയുമുള്ള സേവനം **ആത്മിക മരണത്തിലും ശരീരത്തിലെ കൂട്ടായ്മ നഷ്ടപ്പെടുന്നതിലും** കലാശിക്കുന്നു
- ദൈവത്തിന്റെ വാസസ്ഥലവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നമ്മെ **ഒരു കാര്യത്തിലേക്ക് നയിക്കുന്നു**—കർത്താവിന്റെ വിശ്രമത്തോടും ഉന്മേഷത്തോടും കൂടിയ ശബ്ബത്തിലേക്ക്; സഭാജീവിതത്തിൽ നാം കൂടാരത്തിലാണ്, കൂടാരം നമ്മെ വിശ്രമത്തിലേക്ക്, ദൈവത്തിന്റെ ഉദ്ദേശ്യത്തിന്റെയും അവൻ ചെയ്ത കാര്യങ്ങളുടെയും ആസ്വാദനത്തിലേക്ക് നയിക്കുന്നു!
- ദൈവത്തിനുവേണ്ടി വേലചെയ്യുന്നതിൽ നമ്മുടെ ആത്മാവിൽ ആന്തരിക വിശ്രമമായി ക്രിസ്തുവിനൊടൊപ്പം **ശബ്ബത്തിന്റെ തത്ത്വം** കാക്കണം